Deshabhimani 02-08-18, P-14



# ഇൻഡർ സെ മികച്ച കുള്ളൻ കവുങ്ങ്

ഉൽപ്പന്ന വിലയിടിവ്,രോഗങ്ങളുടെ ആധിക്യം ഉൽപ്പാദന ചെലവ് എല്ലാറ്റിലുമുപരി വിളവെടുക്കാൻ തൊഴിലാളിക്ഷാമവുമൊക്കെയായപ്പോൾ സ്വാഭാവികമായും കർഷകർ ഈ മേഖല വിട്ടൊഴിഞ്ഞുവെന്നതാണ് വസ്തുത. ഇൻഡർ സെ മംഗള പോലുള്ള കുളളനിനങ്ങൾ കർഷകർക്ക് വീണ്ടും പ്രതീക്ഷ നൽകുകയാണ്

ഈയിനത്തിന്റെകൃഷിരീതിഎങ്ങിനെയെന്ന് പരിചിതമാക്കാം

ഡിസംബർ , ജനുവരി മാസങ്ങളിൽ വിത്തടക്ക ശേഖരിച്ച് തൈകൾ തയ്യാറാക്കിയോ, വിശ്വാസയോഗ്യമായ ഏജൻസികളിൽ നിന്നും തൈകൾ വാങ്ങിയോകൃഷിചെയ്യാം.വിത്തടക്ക ശേഖരിക്കുമ്പോൾകവുങ്ങിൽ നിന്നും പാകമായത്കേട്കൂടാതെ വിളവെടുത്ത്ഭാരംകൂടിയവ തെരഞ്ഞെടുത്ത് നഴ്സറികളിൽ പാകി തൈകൾ തയ്യാറാക്കണം. 1218 മാസംപ്രായമായ തൈകളാണ് നടിലിന് നല്ലത്

തനി വിളയായും ഇടവിളയായും ഈയിനം കൃഷി ചെയ്യാം.

2 . 4 മീറ്റർ അകലത്തിൽ 60X60X60 സെ.മി അളവിൽ കുഴികളെടുത്ത് മേൽ മണ്ണും അഞ്ച്കി. ഗ്രാംജൈവ വളവും ചേർത്ത് കുഴി മൂടണം നല്ലയിനം കവുങ്ങിൻ തൈകൾ മെയ്, ജൂൺ മാസങ്ങളിൽ നടാം’ നടീൽ കഴിഞ്ഞാൽ മഴക്കാലങ്ങളിൽ ജലനിർഗ്ഗമനവും വേനലിൽ ജലസേചനവും നടത്തണം. കണിക ജലസേചനം നടത്തുമ്പോൾ വെള്ളത്തിന്റെ അളവ് കുറവ് മതി .കളകൾ നീക്കം ചെയ്യുകയും മററു കാർഷിക പ്രവർത്തികളും യഥാവസരം ചെയ്യണം. വേനൽ ആരംഭിക്കുന്നതോടെ പച്ചില വളവിത്തോ പയർ വിത്തോ കവുങ്ങിൻ തടത്തിൽ വിതച്ച് നനച്ചു കൊടുക്കാം. പുഷ്പിക്കാൻ ആരംഭിക്കുമ്പോൾ പറിച്ചെടുത്ത് ജൈവവളമായി ഉപയോഗിക്കാം

നടീൽ കഴിഞ്ഞ് ഒരുവർഷമാകുമ്പോൾ ഒന്നര മീറ്റർ വ്യാസത്തിൽ തടം തുറന്ന് പുളിരസമുള്ള മണ്ണിൽ അഞ്ഞൂറ് ഗ്രാം കുമ്മായം വിതറികൊടുക്കണം’ഒരാഴ്ച കഴിഞ്ഞ്12കി.ഗ്രാംജൈവവളംചേർക്കണം’രാസവളങ്ങളായി 330 ഗ്രാം യൂറിയ 300 ഗ്രാം രാജ് ഫോസ് 350 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്ന ക്രമത്തിൽ ഒന്നാം വർഷം മൂന്നിലൊരു ഭാഗവും’ രണ്ടാം വർഷം മൂന്നിൽ രണ്ടുഭാഗവുംമൂന്നാംവർഷംമുതൽ മുഴുവനായുംചേർത്ത്കൊടുക്കാംജലസേചനം നടത്തുന്നതോട്ടങ്ങളിൽസെപ്തംബർ ,ഒക്ടോബർ ഒന്നാംഗഡുവും ഫെബ്രുവരിയിൽരണ്ടാംഗഡുവും നൽകണം മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്നിടങ്ങളിൽ മാർച്ച് ഏപ്രിൽ, നവംബർ, ഡിസംബർ എന്നിങ്ങനെ തുല്യ ഗഡുക്കളൊകാം.

നന്നായി പരിപാലിച്ചാൽ മൂന്നാം വർഷം മുതൽ കായ്ച്ചു തുടങ്ങും’ ഒന്നര മീറ്റർ വരെ ഉയരത്തിലേ വളരുകയുള്ളു

വിളവെടുപ്പ് അനായാസം നടത്താം 1520 കി.ഗ്രാം അടക്ക ലഭിക്കും ’ഇരുപത് വർഷം വരെ വിളവും. വീട്ടുമുറ്റത്തോട് ചേർന്ന്അലങ്കാരമായുംപൂന്തോട്ടങ്ങളിൽ കാഴ്ചയൊരുക്കിയും ഇൻഡർ സേ മംഗള ആകാം’

**രവീന്ദ്രൻ തൊടിക്കളം**